## ചെറുതുരുത്തിയിൽ തടയണ നിർമ്മാണം

168 (7137) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ചെറുതുരുത്തിയിൽ ഭാരതപ്പുഴക്കുകുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച തടയണയുടെ പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പറയാമോ ;

(ബി) പ്രസ്തുത തടയണയുടെ നിർമ്മാണം ഇപ്പോൾ നിർത്തി വച്ചിരിക്കുന്ന വിവരം അറിയുമോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(സി) തടയണ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രിയുടെ സാന്നിധ്യത്തിൽ ഏറ്റവും ഒടുവിലായി നടന്ന ചർച്ചയുടെ തീരുമാനങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) കുടിവെള്ള സ്രോതസ്സുകൾക്കും ജലസേചനത്തിനും ഏറ്റവും പ്രയോജനകരമായ ഈ തടയണ നിർമ്മാണം പുനരാരംഭിക്കുന്നതിനും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിനും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ചേലക്കര നിയോജക മണ്ഡലത്തിലെ ചെറുതുരുത്തിയിൽ ഭാരതപ്പുഴയ്ക്കുകുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച തടയണയുടെ പ്രവൃത്തി 20-11-2008-ന് ആരംഭിച്ചു. 5 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. ഇതുവരെ 2,79,89,700 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സാങ്കേതികത്തിന്റെ ഘടനയ്ക്കനുസരിച്ച് പ്രവൃത്തിയിൽ വ്യത്യാസം വരുത്തേണ്ടിവരികയും ഈ കാലയളവിൽ കരാറുകാരൻ മരണപ്പെടുകയും ഭരണാനുമതി ലഭിച്ച തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിലാണ് തടയണ നിർമ്മാണം തടസ്സപ്പെട്ടത്.

(സി) പ്രസ്തുത യോഗത്തിൽ പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു. ബന്ധപ്പെട്ട വകയിൽ ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly